ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE:12-05.2025**

## പ്രധാനവാർത്ത

1. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാത്രി എട്ട് മണിക്ക് രാജ്യത്തെ അഭി സംബോധന ചെയ്യും. വെടി നിർത്തൽ പ്രഖ്യാപിച്ചതിന് പിന്നാലെ രാവിലെ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു..

2. പാകിസ്ഥാനെതിരെയുള്ള പ്രത്യാക്രമണത്തിൽ ഇന്ത്യ തദ്ദേശീയ മായി വികസിപ്പിച്ച ആയുധങ്ങൾ ഉൾപ്പടെ മികവ് പുലർത്തിയ തായി സൈന്യം. രാജ്യത്തിന്റെ പ്രതിരോധ സംവിധാന ക്ഷമത യുടെ തെളിവാണിതെന്നും സൈനിക വൃത്തങ്ങൾ

3. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. 14 വർഷത്തെ ടെസ്റ്റ് ക്രിക്കറ്റ് കരിയറിന് വിരാമമിട്ട് ഇന്ത്യൻ ബാറ്റിങ് വിസ്മയം വിരാട് കോലി.

RNU TVPM

5. **കാസർകോട് ദേശീയപാതയിൽ മണ്ണിടിച്ചിലിൽ □ രു തൊഴിലാളി മരിച്ച സംഭവത്തിൽ അടിയന്തര നടപടിക്ക് നിർദ്ദേശം നൽകി മന്ത്രി എ കെ ശശീന്ദ്രൻ.**

6. **സ്കൂളുകൾ അനധികൃതമായി പ്ലസ് വൺ പ്രവേശനം നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.**

✠✠✠✠✠✠✠✠✠✠✠✠✠✠

## പ്രധാനമന്ത്രി - യോഗം

RNUTVPM

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാത്രി 8 മണിക്ക് രാജ്യത്തെ അഭിസംബോധന ചെയ്യും. ഓപ്പറേഷൻ സിന്ദൂറിന് ശേഷം ആദ്യമായാണ് പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യുന്നത്. അതിർത്തിയിൽ വെടി നിർത്തൽ പ്രഖ്യാപിച്ചതിന് പിന്നാലെ ഇന്ന് രാവിലെ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നിരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്.ജയ് ശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, കര-വ്യോമ-നാവിക സേനാ മേധാവിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു യോഗം.
അതേസമയം, അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ന് ഇന്ത്യ- പാകിസ്ഥാൻ ഡിജിഎം□ മാർ ചർച്ച നടത്തും.

✠✠✠✠✠✠✠✠✠✠✠✠✠✠

## DGMO -1 (ഇൻട്രോ)

പാകിസ്ഥാനെതിരെയുള്ള ഇന്ത്യയുടെ പ്രത്യാക്രമണത്തിൽ രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന ആയുധ സംവിധാനം ഉൾപ്പെടെ മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്ന് എയർ ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ എയർ മാർഷൽ എ കെ ഭാർതി. ന്യൂഡൽഹിയിൽ നടന്ന സംയുക്ത സൈനിക വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. തദ്ദേശീയമായി വികസിപ്പിച്ച ആയുധങ്ങൾ മികവ് പുലർത്തി. തദ്ദേശ വ്യോമ പ്രതിരോധ സംവിധാനമായ ആകാശിന്റെ പ്രകടനം അത്യുജ്ജ്വലമായിരുന്നു. പാകിസ്ഥാന്റെ ചൈനീസ് നിർമ്മിത മിസൈലായ പിഎൽ 15 തകർക്കുകയും നൂർഖാൻ വ്യോമ താവളവും റഹീം യാർ ഖാൻ വ്യോമതാവളവും ആക്രമിക്കുകയും ചെയ്തു. മികച്ച വ്യോമ പ്രതിരോധ സംവിധാനങ്ങളുടെ സഹായത്തോടെ പാകിസ്ഥാനിൽ നിന്നുള്ള ലോംഗ് റേഞ്ച് റോക്കറ്റുകൾ, ഡ്രോണുകൾ എന്നിവ തകർത്തതായും അദ്ദേഹം വ്യക്തമാക്കി.

RNI TVPM

**(വോയ്സ്)**

ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനത്തിന്റെ ശക്തിയും ക്ഷമതയും മികച്ചതാണ് എന്നതിന്റെ തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്ന് DGMO ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘൈ പറഞ്ഞു. ഈ പോരാട്ടത്തിൽ അതിർത്തി രക്ഷാ സേന വഹിച്ച പങ്ക് വളരെ നിർണായകമായിരുന്നെന്നും ഇന്ത്യയുടെ സംയുക്ത സേനകളുടെ കരുത്താണ് ഓപ്പറേഷൻ സിന്ദൂറിൽ പ്രകടമായതെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും രാജ്യത്തെ 140 കോടി ജനങ്ങളുടെയും

പിന്തുണയോടെയാണ് ഇന്ത്യൻ സായുധ സേന പാകിസ്ഥാന്റെ ആക്രമണത്തെ പ്രതിരോധിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## DGMO - 2 (ഇൻട്രോ)

ഏത് തരത്തിലുള്ള ഭീഷണിയും തിരിച്ചറിയാനും ശക്തമായി പ്രതിരോധി ക്കാനും ഇന്ത്യൻ നാവികസേന സജ്ജമാണെന്ന് നേവൽ ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ വൈസ് അഡ്മിറൽ എ എൻ പ്രമോദ് അറിയിച്ചു. ഉയർന്ന നിലവാരമുള്ള റഡാർ സംവിധാനം ഉപയോഗിച്ചാണ് ഇന്ത്യൻ നാവികസേന നിരീക്ഷണം നടത്തിയതെന്നും പാകിസ്ഥാനിൽ നിന്ന് വ്യോമ മാർഗമുണ്ടായ ഭീഷണികൾ തിരിച്ചറിയാൻ ഇതിലൂടെ സാധിച്ചതായും അദ്ദേഹം വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

(വോയ്സ്)

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## വിമാനത്താവളം

ഇന്ത്യ - പാകിസ്ഥാൻ വെടി നിർത്തൽ നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തുടനീളം താത്കാലികമായി അടച്ചിട്ടിരുന്ന 32 വിമാനത്താവളങ്ങൾ തുറന്നു. അതിർത്തി പ്രദേശങ്ങളിൽ ആക്രമണം ശക്തമായതിനെ തുടർന്നാണ് വിമാനത്താവളങ്ങൾ അടച്ചത്. യാത്രാ വിമാനങ്ങളുടെ സർവീസ് ഉൾപ്പെടെ റദ്ദാക്കിയിരുന്നു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം

ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിലായതായി വിമാനത്താവള അധികൃതർ അറിയിച്ചു. എന്നാൽ സുരക്ഷാ നടപടികൾ ശക്തമായി തുടരും. ചില വിമാനങ്ങളുടെ സമയക്രമങ്ങളെ ഇത് ബാധിച്ചേക്കാമെന്നും DIAL പ്രസ്താവനയിൽ പറഞ്ഞു. കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കാനും നിർദ്ദേശിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ഡ്രോണുകൾക്ക് വിലക്ക്

തിരുവനന്തപുരം വിമാനത്താവളത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെടെ തലസ്ഥാനത്തെ വിവിധ മേഖലകളിൽ ഡ്രോൺ പറത്തുന്നതിന് വിലക്ക്. രാജ് ഭവൻ, നിയമസഭ, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും വസതികൾ, വിഴിഞ്ഞം തുറമുഖം, വി.എസ്.എസ്.സി, ഐ.എസ്ആർ.[illegible] , പാങ്ങോട് സൈനിക ക്യാമ്പ്, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, പൊലീസ് ഹെഡ്ക്വാർട്ടേഴ്സ് തുടങ്ങിയവ യാണ് ഡ്രോൺ നിരോധിത മേഖലകൾ. ഇവിടങ്ങളിൽ രണ്ട് കിലോമീറ്റർ ചുറ്റളവിൽ അനുമതി ഇല്ലാതെ ഡ്രോൺ പറത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ഇന്ത്യൻ സൈന്യം - അതിർത്തി

RNI TVPM

ജമ്മു കശ്മീരിലും മറ്റ് അതിർത്തി പ്രദേശങ്ങളിലും കഴിഞ്ഞ രാത്രി സ്ഥിതിഗതികൾ സമാധാനപരമായിരുന്നുവെന്ന് ഇന്ത്യൻ സൈന്യം. അനിഷ്ട സംഭവങ്ങളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

✠✠✠✠✠✠✠✠✠✠✠✠✠✠

## പിഐബി- ഫാക്ട് ചെക്ക്

പാകിസ്ഥാൻ സൈന്യം അടുത്തിടെ വാർത്താ സമ്മേളനത്തിൽ ഉന്നയിച്ച അവകാശവാദങ്ങൾ നിരാകരിച്ച് കേന്ദ്ര സർക്കാർ. ഇന്ത്യയുടെ വ്യോമ താവളങ്ങൾ പാകിസ്താൻ നശിപ്പിച്ചതായി, ഇന്ത്യൻ വാർത്താ ചാനലുകൾ തന്നെ പ്രക്ഷേപണം ചെയ്തു എന്നായിരുന്നു ആരോപണം. വ്യാജ ദൃശ്യങ്ങൾ തെളിവായി ഹാജരാക്കി പാകിസ്ഥാൻ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക യാണെന്ന് പിഐബിയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## PIO കോളുകൾ

ഓപ്പറേഷൻ സിന്ദൂർ നിലനിൽക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനായി പാകിസ്ഥാൻ ഇന്റലിജൻസ് ഓപ്പറേറ്റീവ്സ് പ്രവർത്തിക്കുന്നതായി സംയുക്ത സൈനിക മേധാവിയുടെ ഓഫീസ് അറിയിച്ചു. ഇന്ത്യൻ പ്രതിരോധ ഉദ്യോഗസ്ഥരെന്ന വ്യാജേന **73-40-92-17-02** എന്ന ഇന്ത്യൻ വാട്ട്സ്ആപ്പ് നമ്പറിലൂടെയാണ് ഇവർ ബന്ധ പ്പെടുന്നത്. മാധ്യമ പ്രവർത്തകരുൾപ്പെടെ എല്ലാ ജനങ്ങളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠

## രാഹുൽ ഗാന്ധി

ഇന്ത്യ - പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ഉടൻ വിളിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ, വെടിനിർത്തൽ തുടങ്ങിയവ പാർലമെന്റ് ചർച്ച ചെയ്യണമെന്നുള്ള പ്രതിപക്ഷത്തിന്റെ അഭ്യർത്ഥന, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ ശ്രീ രാഹുൽ ഗാന്ധി അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ബിജെപി - സിന്ദൂർ

ഭീകരതയെക്കെതിരെയുള്ള പോരാട്ടത്തിലെ നിർണായക സന്ദേശമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ ലോകത്തിന് നൽകിയിരിക്കുന്നതെന്ന് ബി ജെ പി വക്താവ് സംബിത് പത്ര. സൈന്യത്തിന്റെ ധീരതയാണ് ഈ ഓപ്പറേഷനിലൂടെ പ്രകടമായതെന്നും ഓരോ പൗരനും കരസേനയ്ക്ക് നന്ദി അറിയിക്കുന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## ദുരന്ത നിവാരണ അതോറിറ്റി

അജ്ഞാതമായ സ്ഫോടകവസ്തുക്കൾ കണ്ടാൽ ജാഗ്രത പാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. എന്തെങ്കിലും അജ്ഞാത വസ്തുക്കൾ കണ്ടാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളെ അറിയിക്കണമെന്നും എൻ.ഡി.എം.എ നിർദേശിച്ചു.

## മുഖ്യമന്ത്രി-വയനാട് ഉരുൾപ്പൊട്ടൽ

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വാടക വീടുകളിൽ താമസക്കുന്നവർക്കുള്ള മാസ വാടക തുക അടിയന്തിരമായി ലഭ്യമാക്കാനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ് നിർമാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിലാണ് നിർദേശം. ടൗൺഷിപ്പ് നിർമാണ ത്തിന് ഭരണ, സാങ്കേതിക, സാമ്പത്തിക അനുമതികൾ നൽകുന്നതിന് സമയക്രമവും നിശ്ചയിച്ചു. മന്ത്രിമാരായ കെ രാജൻ, കെ എൻ ബാലഗോപാൽ, ചീഫ് സെക്രട്ടറി എ ജയതിലക്, ഉദ്യോഗസ്ഥർ തുടങ്ങിയർ പങ്കെടുത്തു.

## കാസർകോട്-അപകടം

കാസർകോട് ചെറുവത്തൂർ മട്ടലായി ദേശീയപാതയിൽ മണ്ണിടിച്ചിലിനെ തുടർന്ന് ▯രു തൊഴിലാളി മരിക്കാനും രണ്ട് തൊഴിലാളികൾക്ക് പരിക്കേൽക്കാനും ഇടയായ സംഭവത്തിൽ മന്ത്രി എ കെ ശശീന്ദ്രൻ ഉദ്യോഗസ്ഥരോട് വിശദീകരണം തേടി. അന്വേഷണം നടത്തി അടിയന്തര നടപടി എടുക്കാൻ പോലീസിനും നിർദ്ദേശം നൽകി.

KNU TVPM

പരിക്കേറ്റവർക്ക് അടിയന്തര വൈദ്യ സഹായം ലഭ്യമാക്കാനും
നിർദേശിച്ചിട്ടുണ്ട്. കൊൽക്കത്ത സ്വദേശിയായ മുംതാജ് മീർ ആണ് മണ്ണ് നീക്കം ചെയ്യുന്നതിനിടയിൽ അപകടത്തിൽപ്പെട്ട് മരിച്ചത്.

✠✠✠✠✠✠✠✠✠✠✠✠✠✠

## വി ശിവൻകുട്ടി.

സ്കൂളുകൾ അനധികൃതമായി പ്ലസ് വൺ പ്രവേശനം നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ചേർന്ന സംസ്ഥാന
സ്കൂൾ പ്രവേശനോത്സവത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സ്കൂൾ പ്രവേശനോത്സവ ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ രണ്ടിന് കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവേശനം നടത്തിയാൽ
സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാനുള്ള അധികാരവും പൊതു വിദ്യാഭ്യാസ വകുപ്പിനുണ്ടെന്ന് മന്ത്രി പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## വിരാട് കോഹ്ലി

ഇന്ത്യയുടെ ബാറ്റിങ് വിസ്മയം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.
സമൂഹമാധ്യമത്തിലൂടെയാണ് കോലി വിരമിക്കൽ തീരുമാനം അറിയിച്ചത്. കഴിഞ്ഞവർഷം ടി-ട്വന്റിയിൽ

PRIUTVPM

നിന്ന് വിരമിച്ച കോലി ഇനി അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിനത്തിൽ മാത്രമാണ് ഉണ്ടാവുക.
14 വർഷം നീണ്ട കരിയറിൽ ഇന്ത്യക്കായി 123 ടെസ്റ്റുകൾ കളിച്ച കോലി 30 സെഞ്ചുറിയുടെ തിളക്കത്തോടെ 9,230 റൺസ് നേടി. ഏഴ് ഇരട്ട സെഞ്ചുറിയും ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയെ ഏറ്റവും കൂടുതൽ ടെസ്റ്റ് ജയങ്ങളിലേക്ക് നയിച്ച ക്യാപ്റ്റനാണ് കളംവിടുന്നത്. തീരുമാനം എളുപ്പമായിരുന്നില്ലെന്നും, എന്നാൽ ഉചിതമാണെന്നും അദ്ദേഹം വിരമിക്കൽ കുറിപ്പിൽ പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## ആർ.ബിന്ദു

സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൻറെ ആഭിമുഖ്യ ത്തിൽ കോട്ടയം കുറവിലങ്ങാട് സ്ഥാപിക്കുന്ന സയൻസ് സിറ്റിയുടെ □ന്നാംഘട്ടമായ സയൻസ് സെൻറർ മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 29ന് ഉദ്ഘാടനം ചെയ്യും. മുപ്പത് ഏക്കർ ഭൂമിയിലാണ് കോട്ടയത്ത് സയൻസ് സിറ്റി ഉയരുന്നത്. സയൻസ് സെൻറർ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാനുള്ള അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നതായി ആർ.ബിന്ദു പറഞ്ഞു.

BINU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## കുടുംബശ്രീ - സരസ് മേള (ഇൻട്രോ)

കുടുംബശ്രീ പന്ത്രണ്ടാമത് ദേശീയ സരസ് മേള നാളെ കോഴിക്കോട് സമാപിക്കും. 250ഓളം വിപണന സ്റ്റാളുകളും 46ലധികം രുചിവൈവിധ്യം വിളമ്പുന്ന ഫുഡ് കോർട്ടുകളുമാണ് സരസ് മേളയിൽ

□ രുക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് കോഴിക്കോട് ബീച്ചിൽ സംഘടിപ്പിച്ച 'എന്റെ കേരളം' പ്രദർശന-വിപണന മേള ഇന്ന് സമാപിക്കും.

വിശദ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു

(വോയ്സ്)

✠✠✠✠✠✠✠✠✠✠✠✠✠✠

## നന്ദൻകോട് - കേദൽ രാജ

നന്ദൻകോട് കൂട്ടക്കൊലക്കേസിലെ പ്രതി കേഡൽ ജിൻസൺ രാജ കുറ്റക്കാരനെന്ന് കോടതി. തിരുവനന്തപുരം ആറാം അഡിഷണൽ ജില്ലാ സെഷൻസ് കോടതിയാണ് പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തി യത്. പ്രതിയുടെ ശിക്ഷാ വിധിയിൽ കോടതി നാളെ വാദം കേൾക്കും. കേസിലെ ഏക പ്രതിയായ കേഡൽ ജിൻസൺ രാജയ്ക്കെതിരെ 92 സാക്ഷികളുടെ വിസ്താരം നേരത്തെ പൂർത്തിയായിരുന്നു. 2017 ഏപ്രിലിൽ ആയിരുന്നു നാടിനെ നടുക്കിയ കൊലപാതകം നടന്നത്. കേഡലിന്റെ മാതാപിതാക്കളായ ജീൻ പദ്മ, രാജ തങ്കം, സഹോദരി കരോലിൻ, ബന്ധു ലളിത എന്നിവരാണ് കൊല്ലപ്പെട്ടത്.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## ഡോ.കെ.വിക്രം റാവു

മുതിർന്ന പത്രപ്രവർത്തകനും ഇന്ത്യൻ ഫെഡറേഷൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ് ദേശീയ പ്രസിഡന്റുമായ ഡോ. കെ. വിക്രം റാവു അന്തരിച്ചു. ശ്വാസകോശ

സംബന്ധമായ അസുഖത്തെ തുടർന്ന് ലഖ്നൗവിൽ ആയിരുന്നു അന്ത്യം. 83 വയസ്സായിരുന്നു.

✠✠✠✠✠✠✠✠✠✠✠✠✠✠

## മന്ത്രി എ കെ ശശീന്ദ്രൻ

കോന്നി ഡിവിഷനിലെ നടുവത്തുമുഴി റെയ്ഞ്ചിൽ കാട്ടാന ചെരിഞ്ഞ സംഭവത്തിൽ വനം വിജിലൻസ് വിഭാഗം വിശദമായ അന്വേഷണം നടത്തുമെന്ന് വനം വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. നേരത്തെ ചീഫ് വൈൽഡ് ലൈഫ് വാർഡൻ രൂപീകരിച്ച മൂന്നംഗ സമിതിയുടെ അന്വേഷണത്തിന് പുറമെയാണിത്. സൗരോർജ്ജ വേലിയിൽ നിന്നും ഷോക്കേറ്റാണ് കാട്ടാന ചെരിഞ്ഞത് എന്നാണ് പ്രാഥമിക വിലയിരുത്തൽ. സംഭവവുമായി ബന്ധപ്പെട്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന് ലഭിച്ച പരാതിയിലെ ആരോപണങ്ങൾ കൂടി പരിഗണിച്ചാണ് സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിച്ചത്.

PNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## മേഖലാ അവലോകന യോഗം

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ അവലോകനയോഗം വ്യാഴാഴ്ച തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തി, തടസങ്ങൾ പരിഹരിക്കുന്നതിനാണ് യോഗം ചേരുന്നത്. മന്ത്രിമാർ, ചീഫ് സെക്രട്ടറി തുടങ്ങിയവർ പങ്കെടുക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠

## കെ പി സി സി - സണ്ണി ജോസഫ്

കെപിസിസി അധ്യക്ഷനായി സണ്ണി ജോസഫ് എംഎൽഎ ചുമതലയേറ്റു. മുൻ അധ്യക്ഷൻ കെ.സുധാകരൻ, സണ്ണി ജോസഫിന് ചുമതല കൈമാറി. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റുമാരായി പി.സി.വിഷ്ണുനാഥ്, എ.പി.അനിൽകുമാർ , ഷാഫി പറമ്പിൽ എന്നിവരും യു.ഡി.എഫ് കൺവീനറായി അടൂർ പ്രകാശ് സ്ഥാനമേറ്റു. തിരുവനന്തപുരത്ത് കെ.പി.സി.സി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എ.ഐ.സി.സി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ശ്രീ രമേശ് ചെന്നിത്തല, കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠

## നിപ

മലപ്പുറം ജില്ലയിൽ നിപ ബാധിച്ച രോഗിയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 2 പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതോടെ 49 പേരുടെ പരിശോധനാ ഫലം നെഗറ്റീവായി.

✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠

✠✠✠✠✠✠